# ശ്മശാനഭൂതങ്ങൾ

**കെ.ജി. പൗലോസ്**

---

കോട്ടയ്ക്കൽ ആദ്യവൈദ്യശാലയുടെ പ്രസിദ്ധീകരണവിഭാഗത്തിൽ ഞാൻ പ്രവർത്തിച്ചുകൊണ്ടിരുന്ന കാലത്ത് ഒരു ദിവസം രാവിലെ ശ്രീ. സി.വി. ശ്രീരാമൻ ഓഫീസിൽ വന്നു. കേന്ദ്രസാഹിത്യഅക്കാദമിക്ക് സമർപ്പിക്കേണ്ട ഒരു പ്രോജക്റ്റിനെപ്പറ്റി ചർച്ച ചെയ്യാനാണ് വന്നത്. പലതും സംസാരിച്ചകൂട്ടത്തിൽ കോട്ടയ്ക്കല്ക്കാരെ കഥാപാത്രങ്ങളാക്കി താൻ രണ്ടു കഥകളെഴുതിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. എനിക്കതദ്ഭുതമായിരുന്നു. ശ്രീരാമന്റെ മിക്കകഥകളും ഞാൻ വായിച്ചിരുന്നെങ്കിലും ഇതെന്റെ മനസ്സിൽ തങ്ങിനിന്നിരുന്നില്ല. കഥകളുടെ പേര് ഞാൻ കുറിച്ചുവെച്ചു – 'മിഥ്യയിലെ സത്യം', 'കലർപ്പില്ലാതെ'.

1921-ലെ മലബാർ കലാപമാണ് രണ്ടു കഥകളുടേയും പശ്ചാത്തലം. ബ്രിട്ടീഷുകാർക്കെതിരായി ഖിലാഫത്ത് കമ്മിറ്റി ആരംഭിച്ച പ്രക്ഷോഭം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പിൻതുണയോടെ കരുത്താർജിച്ചപ്പോൾ ആ മുന്നേറ്റത്തെ സമർത്ഥമായി വർഗീയകലാപമാക്കി മാറ്റുകയാണ് സാമ്രാജ്യത്വം ചെയ്തത്. ആയിരക്കണക്കിന് കുടുംബങ്ങൾ അതിനിരയായി. മുസ്ലീങ്ങളെ അക്രമകാരികളെന്ന് മുദ്രകുത്തി കൊല്ലുകയും അവശേഷിച്ചവരെ ആന്തമാനിലേയ്ക്ക് നാടുകടത്തുകയും ചെയ്തു. 'മാപ്പിള ഔട്ട്റേജിയസ് ആക്റ്റ്' എന്നൊരു കിരാതനിയമത്തിന്റെ ബലത്തിലാണ് ഇതൊക്കെ ചെയതത്. അതനുസരിച്ചുണ്ടാക്കിയ പ്രത്യേകകോടതിയെ 'മാപ്പിളക്കോടതി' എന്നാണ് നാട്ടുകാർ പരിഹസിച്ച് വിളിച്ചത്. വിചാരണയും വിസ്താരവുമൊക്കെ പേരിന് മാത്രം. പ്രതി മുസ്ലീമാണെന്ന് തിരിച്ചറിഞ്ഞാൽ, പതിനെട്ട് വയസ്സ് പൂർത്തിയായെങ്കിൽ ഒന്നുകിൽ തൂക്കുമരം അല്ലെങ്കിൽ നാടുകടത്തൽ. അത്തരത്തിൽ നാടുകടത്തപ്പെട്ട ഒരാളാണ് 'കുട്ട്യാലിക്ക'.

കഥാകൃത്ത് കുട്ട്യാലിക്കയെ കണ്ടുമുട്ടുന്നത് ആന്തമാനിൽ വെച്ചാണ്. സർക്കാർ തടിമില്ലിലാണ് ജോലി. പ്രായമായിരിക്കുന്നു. വക്കീൽ താഴത്തുംവീട്ടിലെ താവഴിയിൽ പെട്ടവനാണെന്ന് അറിഞ്ഞപ്പോഴാണ് തന്റെ കഥ കുട്ട്യാലിക്ക വെളിപ്പെടുത്തുന്നത്. പ്രശസ്തമായ ആ തറവാട്ടിലെ വിശ്വസ്തനായ വേലക്കാരനായിരുന്നു കുട്ട്യാലിക്ക. ശേഖരനെജമാനനും വീട്ടിലെ സ്ത്രീകൾക്കും പ്രാണനാണ്. അവിടുത്തെ എല്ലാകാര്യങ്ങളും നോക്കുന്നത് കുട്ട്യാലിക്കയാണ്. കുട്ട്യാലിക്കയുടെ കാര്യവും അങ്ങനെതന്നെ യജമാനൻ നോക്കിയിരുന്നു. ശേഖരൻ അധികാരിയുടെ പെങ്ങളാണ് കുട്ട്യാലിക്കയ്ക്ക് പെണ്ണുകാണാൻ പോയത്!

ഒരു ദിവസം കുട്ട്യാലിക്ക കോട്ടയ്ക്കലങ്ങാടിയിൽ പോയി തൂമ്പയും ശേഖരനധികാരിക്ക് ഒരു ഭരണിലേഹ്യവും വാങ്ങി മടങ്ങിവരുമ്പോൾ അറിഞ്ഞു, ലഹളക്കാര് ശേഖരനധികാരിയുടെ വീട്ടിൽ കൊള്ളനടത്തി, അധികാരിയെ തുണ്ടം തുണ്ടം വെട്ടിയെന്ന്. ഓടിയെത്തുമ്പോൾ തറവാട്ടിലെ പെണ്ണുങ്ങളെല്ലാം കൂട്ടക്കരച്ചിൽ. 'കുട്ട്യാലി ഇയ്യ് ഇബടെ ഇണ്ടാർന്നങ്കെ ഇതൊന്നും ഉണ്ടാവില്ലാർന്നുലോ' എന്ന് പറഞ്ഞാണ് കരയുന്നത്. കുട്ട്യാലിയും കൂടിക്കരഞ്ഞു. വൈകുന്നേരമായപ്പോഴേയ്ക്കും ഗൂർക്കപ്പട്ടാളം വന്നു. കുട്ട്യാലിയെ പിടിച്ചു – ശേഖരനധികാരിയെ കൊന്ന കേസിൽ ഒന്നാം പ്രതി!

തടിമില്ലിലെ ജോലിക്കാർക്ക് ആഴ്ചയിലൊരിക്കൽ സൗജന്യമായി വിറകുകിട്ടുമായിരുന്നു. 5 മണിക്ക് സൈറൺ അടിച്ചാൽ മില്ലിലെ പണികഴിയും. അപ്പോൾ ജോലിക്കാർ വിറക് വാരികൂട്ടികൊണ്ടു പോകും. അങ്ങനെ വാരിക്കൂട്ടുമ്പോൾ ഒരു ദിവസം കുട്ട്യാലിക്കയുടെ കണ്ണിൽ ഒരു ചൂരൽക്കമ്പ് കുത്തിക്കയറി. ആശുപത്രിയിൽ കൊണ്ടുപോയി, കണ്ണ് കെട്ടിച്ചു. അഞ്ചാംദിവസം കെട്ടഴിച്ചപ്പോൾ ഒരു കണ്ണുപോയിരിക്കുന്നു. മില്ലിലെ മാനേജർക്ക് അനുകമ്പ തോന്നി. ജീവനക്കാർക്കുള്ള കോമ്പൻസേഷൻ നല്കാൻ അദ്ദേഹം സമ്മതിച്ചു. പ്രവൃത്തിക്കിടയിലാണ് അപകടം പിണഞ്ഞത് എന്ന് വരുത്തണം. കുട്ട്യാലിക്ക ബോർഡിന് മുൻപിലെത്തി. അംഗങ്ങളെല്ലാവരും കുട്ട്യാലിക്കയെ സഹായിക്കാൻ തയ്യാറാണ്. അഭിമുഖം ഒരു ചടങ്ങ് മാത്രം. മില്ലിൽ പ്രവൃത്തിക്കിടയിലാണ് അപകടം പറ്റിയതെന്ന് കുട്ട്യാലിക്ക പറയണം. അതുമാത്രമദ്ദേഹം പറഞ്ഞില്ല. എത്ര ചോദിച്ചിട്ടും സൈറൺ അടിച്ച് മില്ലിൽ നിന്ന് പുറത്തുവന്നശേഷമാണ് അപകടം എന്നദ്ദേഹം ആവർത്തിച്ചു. ബോർഡംഗങ്ങൾ നിരാശരായി 'അങ്ങനെ പറഞ്ഞാൽ പൈസ തരാൻ പറ്റില്ല'. 'വേണ്ട. നൊണപറഞ്ഞ പണമൊന്നും ഇക്ക് വേണ്ട'. എല്ലാവരെയും സ്തംഭിപ്പിച്ചുകൊണ്ട് കുട്ട്യാലിക്ക ഗോവണിയിറങ്ങിപ്പോയി. അതാണ് കുട്ട്യാലിക്ക – 'മിഥ്യയിലെ സത്യം'.

ഒരു ഉമ്മയുടെ കഥയാണ് 'കലർപ്പില്ലാതെ'. അവർ ഖിലാഫത്തിൽ പങ്കെടുത്തിട്ടില്ല. കേരളം കണ്ടിട്ടുമില്ല. അവരുടെ ബാപ്പയെ ലഹളയിൽ നാടുകടത്തിയതാണ്. അതിന് മുൻപ് ബാപ്പ വൈദ്യശാലയിലെ മരുന്നുപറിക്കാരനായിരുന്നു. ബ്രിട്ടീഷുകാർ ഒരു സൗജന്യമനുവദിച്ചിരുന്നു-നാടുകടത്തപ്പെടുന്നവർക്ക് വേണമെങ്കിൽ ഭാര്യയെ കൊണ്ടുവരാം. അങ്ങനെയാണ് അവരുടെ ഉമ്മയും ബാപ്പയും ആന്തമാൻസിലെത്തിയത്. അവിടെയാണിവർ പിറന്നത്. കേരളത്തെപ്പറ്റി കേട്ടുകേൾവിയേ അവർക്കുള്ളൂ. വയസ്സായി, രോഗിയാകുമ്പോഴും

അവർക്കൊരു സ്വപ്നമേയുള്ളൂ. നാടുകാണണം. രക്തങ്ങൾ എന്ന് പറയാൻ അവിടെ ആരുമില്ല. എന്നാലും നമ്മുടെ വംശക്കാർ ജീവിച്ചിരുന്ന സ്ഥലം, ലഹളക്കാർ ഒളിച്ചിരുന്ന ഇടം. ഇതൊക്കെ കാണാൻ പൂതിയുണ്ട്. വൃദ്ധ ഒച്ചവെച്ച് പറഞ്ഞു- 'ഞാൻ പൂവ്വും'. നാടിനെ ഓർക്കാൻ ഒറ്റമാർഗമേ അവൾക്കുള്ളൂ-കാതങ്ങൾ കടന്നും കഷ്ടപ്പെട്ടും ആയുർവേദമരുന്നുള്ള കടതന്നെ തേടിയെത്തും, ആ മരുന്നുപറിക്കാരൻ ബാപ്പയുടെ മകൾ.

ഒരു ലഹളയുടെ അനേകം രക്തസാക്ഷികളിൽ ഒരുവനാണ് കുട്ട്യാലിക്ക, ഒരുവളാണ് ഉമ്മ. കുട്ട്യാലിക്കയുടെ സത്യസന്ധതയും ഉമ്മയുടെ കലർപ്പില്ലാത്ത നിഷ്കളങ്കതയും പുറമേയ്ക്ക് കാണാൻ കഴിയുന്നതല്ല. അത് കാട്ടിത്തരുന്നതിലാണ് കലാകാരന്റെ വിജയം.

കലാപങ്ങൾക്കും പ്രകൃതിക്ഷോഭങ്ങൾക്കുമിരയായവരുടെ ദൈന്യം നല്ലൊരു മേച്ചിൽപ്പുറമാണ് ശ്രീരാമന്. വിഭജനകാലത്ത് ഉറ്റവരും ഉടയോരും നഷ്ടപ്പെട്ടവർ. വീടും വകകളും ഇല്ലാതെ പ്രേതങ്ങളായി അലയുന്നവർ. അവരിൽ ഭാര്യമാരുണ്ട്, ഭർത്താക്കന്മാരുണ്ട്, അമ്മമാരുണ്ട്, കുഞ്ഞുങ്ങളുണ്ട്. സഹജബലം കൊണ്ടു മാത്രം ആത്മഹത്യ ചെയ്യാൻ കഴിയാത്തവർ. ഓരോ നിഴലുകൾക്കുമുണ്ട് ആയിരം കഥകൾ. ബംഗാളിലെ അഭയാർത്ഥികളുടെ കഥകൾ കരളലിയിക്കുന്നവയാണ്. ദുരന്തത്തിൽ വാടാതെ കിളർത്തുപോന്ന രണ്ടു അഭയാർത്ഥികളുടെ കഥയാണ് 'ഒട്ടുചെടി'. ബംഗാളിലെ റെഫ്യൂജി ഓഫീസറാണ് കഥാകൃത്ത്. അഭയാർത്ഥികളെ പുനഃരധിവസിപ്പിക്കുകയാണ് അദ്ദേഹത്തിന്റെ ജോലി. ഒരിക്കലൊരു സന്ധ്യയ്ക്ക് ഗരാമി എന്നൊരഭയാർത്ഥി ഓഫീസിൽ വന്നു. തോളിൽ ഒരു കുഞ്ഞുറങ്ങുന്നു. അവളുടെ ഭർത്താവിനെ കാണാതായിരിക്കുന്നു. അവൾ നിർത്താതെ കരച്ചിൽ തന്നെ. ഓഫീസർ നിസ്സഹായനാണ്. കുടിയേറിപാർക്കാനനുവദിക്കണമെങ്കിൽ ഫാമിലി വേണം-ഭർത്താവ്, കുട്ടി. ഇവൾക്കാണെങ്കിൽ ഭർത്താവില്ല, നിയമം മാറ്റാൻ പറ്റില്ല. അവളിൽ ദയതോന്നി ഒരുൾവിളികൊണ്ടെന്നപോലെ ഓഫീസർ പറഞ്ഞു-'നാളെവരൂ'. രണ്ടുപെൺകുട്ടികളെയും ഒക്കത്ത് വെച്ച് കരഞ്ഞു നടക്കുന്ന ദാസ് ഗുപ്ത എന്നൊരപേക്ഷകനുണ്ട്. അവനും ഈ പ്രശ്നം ഉണ്ട് - ഭാര്യയില്ല. ഇവരെ രണ്ടു പേരെയും ചേർത്തുവെച്ച് ഒരു കുടുംബമാക്കുക. അവർക്കു ഭൂമി അനുവദിക്കുക. മറ്റുള്ളവർ എതിർത്തു. ഗ്രാഫ്റ്റിങ്ങ് ചെടികളിലേ പറ്റു എന്നുപറഞ്ഞു. എതിർപ്പുകൾ വകവെയ്ക്കാതെ ഓഫീസർ, അവരെ ഗ്രാഫ്റ്റ് ചെയ്തു; ആ ഒട്ടുചെടിക്ക് പഞ്ചവടിയിൽ സ്ഥലം കൊടുത്തു.

വർഷങ്ങൾക്കുശേഷം പഞ്ചവടിയിലെത്തുന്ന ഓഫീസർ ആ ഒട്ടുചെടിയുടെ വളർച്ചകണ്ട് സംതൃപ്തി അടയുന്ന രൂപത്തിലാണ് കഥയുടെ രചന. ഗരാമിയുടെയും ദാസ് ഗുപ്തയുടേയും സന്തോഷത്തിനതിരില്ല. അവരിവിടെ ഒരുമിച്ച് താമസം തുടങ്ങി കുറച്ചുകഴിഞ്ഞപ്പോൾ ഗരാമിയുടെ ആദ്യ ഭർത്താവ് അവളെ തേടിപ്പിടിച്ചെത്തിയത്രേ! അദ്ദേഹത്തെ കാണാൻ അവൾ കൂട്ടാക്കിയില്ല. അവൾ പറഞ്ഞു - 'എന്റെ ഏറ്റവും ദുരിതം പിടിച്ച നാളുകളിൽ ദൈവം പോലെയുള്ള ഈ മദ്രാസിബാബുവാണ് എന്നെ കൂട്ടിയിണക്കിയത്. ഈ ജീവിതത്തിൽ എനിക്കിനി ഈ ബന്ധം തന്നെ മതി'.

ശ്രീരാമന്റെ കഥകളെപ്പറ്റി ഓർക്കുമ്പോഴൊക്കെ വാസ്തുഹാരയിലെ ആരതി പണിക്കർ മലയാളിക്ക് നല്കിയ വിശേഷണം എന്നെ അസ്വസ്ഥനാക്കാറുണ്ട്. മലയാളിയായ കുഞ്ഞുണ്ണിനായരുടെ ബംഗാളിവധുവാണ് ആരതി. ആ വിവാഹം മലയാളിയുടെ തറവാടിത്തത്തിന് ചേർന്നതല്ലല്ലോ. വിവാഹശേഷം ആദ്യമായി പണിക്കർ ആരതിയെ തന്റെ വീട്ടിലേയ്ക്ക് കൊണ്ടുവരികയാണ് - ഒരു ടാക്സിയിലാണ് വരവ്. നട്ടുച്ചയ്ക്ക് ഒരു പാടം കടന്ന് വിശന്നുവലഞ്ഞാണ് അവർ എത്തിയത്. ഗേറ്റ് പൂട്ടിയിരിക്കുന്നു. അകത്ത് ഒരു പറ്റം വൃദ്ധകളും വൃദ്ധന്മാരും നിന്ന് കലി തുള്ളുന്നു. വീട്ടിനകത്ത് കയറ്റില്ലെന്ന് അവർ. ഗേറ്റ് വെട്ടിപ്പൊളിച്ച് അകത്ത് സ്വന്തം വീട്ടിൽ കടക്കുമെന്ന് പണിക്കർ. ഭദ്രകാളിയെപ്പോലെ ഒരു വൃദ്ധ അലറി-ആരതിയെ ചാണകം കലക്കിയ ചൂലുകൊണ്ടടിക്കുമെന്ന്.

'ഞങ്ങൾ മടങ്ങി. തീവണ്ടി കയറുമ്പോൾ ആദ്യം നിന്റെ അമ്മാവനും പിന്നെ ഞാനും പൊട്ടിക്കരഞ്ഞു'.

'പറയേണ്ടിവന്നിതിൽ ക്ഷമിക്കണം. നിങ്ങളുടെ നാട്ടിൽ ഞാൻ കണ്ടത് ഒരുപറ്റം ശ്മശാനഭൂതങ്ങളെയാണ്'-ശ്മശാനഭൂതങ്ങൾ! അർത്ഥഗർഭമായ വിശേഷണം! ഭ്രാന്താലയത്തേക്കാൾ കാവ്യാത്മകം! ഭ്രാന്തരേക്കാൾ ഭൂതങ്ങൾക്ക് ശക്തിയേറുമല്ലോ.

പുതിയ തലമുറയുടെ വിലയിരുത്തലിനും വ്യത്യാസമില്ല. പണിക്കരുടെ മകൾ ദമയന്തിക്ക് കേരളത്തെപ്പറ്റി പറയാനുള്ളതിതാണ് -

'ഐ ഹേറ്റ് കേരളപീപ്പിൾ. ദെ ആർ കവേർഡ്സ്, ഓപ്പർച്ചൂണിസ്റ്റ്സ്, റി ആക്ക്ഷണറീസ്'.

ഇതേ ദമയന്തി ഈ ഓഫീസർ തന്റെ അച്ഛന്റെ മരുമകനാണെന്നറിഞ്ഞപ്പോൾ മനമുരുകി, കണ്ണുനീർ പൊഴിച്ചു. അയാൾ അദ്ഭുതപ്പെട്ടു.

ഈ തീപ്പൊരിപെൺകുട്ടി ഇത്ര സെന്റിമെന്റലോ? ഈ തീക്കുടുക്കയ്ക്ക് ആവരണം തുഷാരബിന്ദുക്കളോ?

ഈ വിവരണം ദമയന്തിക്ക് മാത്രമല്ല, ശ്രീരാമന്റെ എല്ലാപാത്രങ്ങൾക്കും ഇണങ്ങും. ഉള്ളിൽ അഗ്നികുണ്ഡങ്ങൾ വഹിക്കുന്നവരാണവർ - തീക്കുടുക്കകൾ. പക്ഷേ, മനോജ്ഞമായ മഞ്ഞിന്റെ ആവരണമവരണിഞ്ഞിരിക്കും. പുറമേ കാണുന്ന പ്രശാന്തതയ്ക്കുള്ളിലുള്ള കൊടുങ്കാറ്റിന്റെ ആവേഗത്തെയാണ് ഓരോ കഥയിലും ശ്രീരാമൻ ചൂണ്ടിക്കാണിക്കുന്നത്. 'വാസ്തുഹാര' എന്നത് ഒരു കഥയുടെ മാത്രം പേരല്ല; ശ്രീരാമന്റെ കഥാപ്രപഞ്ചത്തിന്റെ മൊത്തം വിശേഷണമാണത്. വസ്തു ഹരിക്കപ്പെട്ടവൻ, പിടിച്ചുവാങ്ങപ്പെട്ടവൻ എന്നെല്ലാമാണ് ആ ബംഗാളിവാക്കിനർത്ഥം. എല്ലാം കവർന്നെടുക്കുന്ന സമൂഹത്തിന്റെ ക്രൂരതയ്ക്കുമുൻപിലെ നിസ്സാഹായരായ ഇരകളാണ് ശ്രീരാമന്റെ പാത്രങ്ങൾ. അവർ തീക്കുടുക്കകളാണ്; പുറമേയ്ക്ക് ശാന്തതയുടെ ശീതളിമ വഹിക്കുന്നുവെങ്കിലും.

------------------------------

**ഡോ. കെ. ജി. പൗലോസ്**

*വൈസ് ചാൻസലർ*

**കേരള കലാമണ്ഡലം കല്പിത സർവകലാശാല**

വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ ജില്ല, പിൻ: 679 531

ഫോൺ: 04884-263440 (ഓഫീസ്), 04884-264477 (വീട്), മൊ: 9846041205

E-mail: info@kalamandalam.org., kgpaulose@gmail.com

Website: www.kalamandalam.org.